**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6441** **10-07-2024 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ മണ്ഡലാടിസ്ഥാനത്തിൽ പുതിയ പദ്ധതികളോ യുവജനക്ഷേമം മുൻനിർത്തി നടപ്പാക്കുന്ന പ്രോജക്ടുകളോ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ മണ്ഡലാടിസ്ഥാനത്തിൽ യുവജനക്ഷേമം മുൻനിർത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1). ശാസ്ത്ര ക്വിസ്<br><br>യുവജനങ്ങളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, അവരിലെ അറിവുകൾ തിരിച്ചറിയുന്നതിനും വേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്താകമാനം വിവിധ തലങ്ങളിലായി ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിക്കുന്നുണ്ട്. പ്രാഥമികതലം (ഹൈസ്കൂൾതലം) നിയോജകമണ്ഡലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പ്രാഥമികതലമായ ഹൈസ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ പങ്കെടുപ്പിച്ചുകൊണ്ട് (ഒരു ടീമിൽ രണ്ട് പേർ) 140 നിയോജകമണ്ഡലങ്ങളിലും മത്സരം സംഘടിപ്പിക്കുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നു.<br><br>2). നീന്തൽ പരിശീലനം<br><br>580 കി.മി നീളമുള്ള തീരത്തിനൊപ്പം 44 നദികളും അസംഖ്യം തടാകങ്ങളും കായലുകളുമുള്ള നമ്മുടെ സംസ്ഥാനത്ത് മുങ്ങി മരണങ്ങൾ വർദ്ധിക്കുകയാണ്. മുങ്ങി മരിക്കുന്ന ഭൂരിഭാഗം പേരും കുട്ടികളും യുവാക്കളുമാണ്. ഇത്തരം മുങ്ങി മരണങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗം നീന്തൽ പരിശീലിപ്പിക്കുക എന്നതാണ്. അപകടങ്ങളിൽ നിന്നും സ്വയം രക്ഷ നേടാൻ മറ്റുള്ളവരെ രക്ഷപ്പെടുത്താൻ കൂടാതെ, മത്സരങ്ങളിൽ മറ്റും പങ്കെടുക്കാനുള്ള |

| | | | |
|---|---|---|---|
| | | | പരിശീലനത്തിന്റെ പ്രാഥമിക പാഠങ്ങൾ പഠിക്കുക, ആരോഗ്യം സംരക്ഷിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ആകെ 140 കേന്ദ്രങ്ങളിൽ നീന്തൽ പരിശീലനം സംഘടിപ്പിക്കുക എന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നീന്തൽ പരിശീലനത്തിന് ആവശ്യമായ ജലാശയങ്ങൾ പ്രാദേശികമായി കണ്ടെത്തും. ഫയർ & സേഫ്റ്റി വകുപ്പുമായി സഹകരിച്ച് പരിശീലകരെ കണ്ടെത്തും. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കൊണ്ടോട്ടി മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>1. ശാസ്ത്ര ക്വിസ്</u><br><br>2022, 2023 വർഷങ്ങളിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിലും തുടർന്ന് ഹൈസ്കൂൾതല മത്സര വിജയികളെ ഉൾപ്പെടുത്തി കൊണ്ടോട്ടി നിയമസഭാ മണ്ഡലത്തിലും ശാസ്ത്ര ക്വിസ് മത്സരം സംഘടിപ്പിച്ചു.<br><br><u>2. ലഹരിവിരുദ്ധ കലാജാഥ</u><br><br>അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരായി മലപ്പുറം ജില്ലയിലെ 16 നിയോജകമണ്ഡലങ്ങളിലായി 2024 ഫെബ്രുവരി 11 മുതൽ 14 വരെ സംഘടിപ്പിച്ച **ഉയിർപ്പ്** കലാജാഥ 2024 ഫെബ്രുവരി 13-ന് കൊണ്ടോട്ടി മണ്ഡലത്തിലും പര്യടനം നടത്തി. |

സെക്ഷൻ ഓഫീസർ